ജി(2)2191/2020

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 28.05.2020

**സർക്കുലർ.നമ്പർ. 47/2020**

വിഷയം സഹകരണ വകുപ്പ് - കോവിഡ്-19 -വിവിധ മേഖലകൾക്കുണ്ടായ നഷ്ടം- വായ്പകൾക്ക് അനുവദിച്ച മോറട്ടോറിയം ദീർഘിപ്പിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

പരാമർശം 1)ആർ ബി ഐ യുടെ 27.03.2020 ലെ RBI/2019-20/186, DOR.No.BP.BC.47/21.04.048/2019-20 നമ്പർ കത്ത്
2) സഹകരണ സംഘം രജിസ്ട്രാറുടെ 28/2020 നമ്പർ സർക്കുലർ
3) ആർ ബി ഐ യുടെ 23.05.2020 ലെ RBI/2019-20/244, DOR.No.BP.BC.71/21.04.048/2019-20 നമ്പർ കത്ത്

സംസ്ഥാനത്ത് കോവിഡ്-19 രോഗബാധയെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ സംസ്ഥാനത്തിലെ എല്ലാ സഹരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01.03.2020 മുതൽ 31.05.2020 വരെ മോറട്ടോറിയം പ്രഖ്യാപിച്ച് പരാമർശം(2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

ടി മോറട്ടോറിയത്തിന്റെ കാലാവധി 01.06.2020 മുതൽ 31.08.2020 വരെ കൂടി ദീർഘിപ്പിച്ച് പരാമർശം(3) പ്രകാരം ആർ ബി ഐ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ആർ ബി ഐ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ എല്ലാ സഹരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും പ്രഖ്യാപിച്ചിരുന്ന മോറട്ടോറിയത്തിന്റെ കാലാവധി 01.06.2020 മുതൽ 31.08.2020 വരെ ദീർഘിപ്പിക്കുന്നു. മോറട്ടോറിയം സംബന്ധിച്ച് പരാമർശം(2) പ്രകാരമുള്ള നിർദ്ദേശങ്ങൾ ബാധകമായിരിക്കുന്നതാണ്.

ഒപ്പ്
എ. അലക്സാണ്ടർ. ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്- 1) സഹകരണ ആഡിറ്റ് ഡയറക്ടർ

2) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്

3)എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) / ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)

4)മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്

5)എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) /അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)

6)എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)

7) സ്റ്റോക്ക് ഫയൽ

8) സ്പെയർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)